"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - പത്തനംതിട്ട ജില്ല – 2023 ജനുവരി മാസം മുതലുള്ള പ്രകൃതി ദുരന്തത്തിൽ പൂർണമായോ ഭാഗികമായോ വീടുകൾക്ക് നാശനഷ്ടം സംഭവിച്ച 473 ദുരന്തബാധിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡി.ആർ.എഫ്-എ) വകുപ്പ്**

**സ.ഉ.(കൈ) നം.214/2025/RD    തീയതി,തിരുവനന്തപുരം, 14-07-2025**

---

പരാമർശം:-
1. സ.ഉ.(കൈ) നം. 1/2025/DMD തീയതി, 09/01/2025.
2. പത്തനംതിട്ട ജില്ലാകളക്ടറുടെ 18.03.2025 ലെ DCPTA/1529/2025-F4 നമ്പർ കത്തും ഉള്ളടക്കവും.

**ഉത്തരവ്**

പ്രകൃതി ദുരന്തത്തിൽ വീടുകൾക്ക് നാശനഷ്ടം സംഭവിച്ച കുടുംബങ്ങൾക്ക് SDRF-ൽ നിന്നും CMDRF-ൽ നിന്നും ധനസഹായം അനുവദിക്കുന്നതിനുള്ള സ്ലാബുകൾ അംഗീകരിച്ചുകൊണ്ട് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പത്തനംതിട്ട ജില്ലയിൽ 2023 ജനുവരി മാസം മുതലുള്ള പ്രകൃതി ദുരന്തത്തിൽ പൂർണമായോ ഭാഗികമായോ വീടുകൾക്ക് നാശനഷ്ടം സംഭവിച്ച 473 ദുരന്തബാധിതർക്ക് ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സൺ കൂടിയായ ജില്ലാ കളക്ടർ പുറപ്പെടുവിച്ച 10 നടപടിക്രമങ്ങൾ പ്രകാരമുള്ള ആകെ CMDRF വിഹിതമായ ₹95,32,500/- (തൊണ്ണൂറ്റിയഞ്ചുലക്ഷത്തി മുപ്പത്തി രണ്ടായിരത്തി അഞ്ഞൂറ് രൂപാ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്നതിനായി പത്തനംതിട്ട ജില്ലാ കളക്ടർ പരാമർശം (2) പ്രകാരം സർക്കാരിൽ ശിപാർശ സമർപ്പിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ 2023 ജനുവരി മാസം മുതലുള്ള പ്രകൃതി ദുരന്തത്തിൽ പൂർണമായോ ഭാഗികമായോ വീടുകൾക്ക് നാശനഷ്ടം സംഭവിച്ച 473 ദുരന്തബാധിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും പരാമർശം (1) ഉത്തരവ് പ്രകാരം ആകെ ₹95,32,500 (തൊണ്ണൂറ്റി അഞ്ചു ലക്ഷത്തി മുപ്പത്തി രണ്ടായിരത്തി അഞ്ഞൂറ് രൂപ) അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

3) മേൽ പരാമർശ ഇനത്തിൽ വിതരണത്തിന് ആവശ്യമായി വരുന്ന ₹95,32,500/- (തൊണ്ണൂറ്റി അഞ്ചു ലക്ഷത്തി മുപ്പത്തി രണ്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) മുഖ്യമന്ത്രിയുടെ

ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും പത്തനംതിട്ട ജില്ലാ കളക്ടറുടെ അക്കൗണ്ടിലേക്ക് അനുവദിക്കുന്നതാണ്. ടി തുക ജില്ലാ കളക്ടർ താമസംവിനാ വിതരണം നടത്തി സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എം ജി രാജമാണിക്കം**

**സെക്രട്ടറി**

ജില്ലാ കളക്ടർ, പത്തനംതിട്ട.
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ .യ്ക്ക്
ധനകാര്യ (ഫണ്ട്സ്) വകുപ്പ്,
പൊതുഭരണ (എസ്. സി) വകുപ്പ് (10/7/2025 -ലെ മന്ത്രിസഭായോഗതീരുമാനം ഇനം. നം.3117)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (ഗവ.വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )
കരുതൽ ഫയൽ/ഓഫീസ് കോപ്പി (DRF-A5/19/2025-REV)

ഉത്തരവിൻ പ്രകാരം

Signed by
Maheswari A
Date: 15-07-2025 10:05:18
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 10-07-2025

ഫയൽ നം. റവ-ഡി.ആർ.എഫ്.-എ5/19/2025/റവ. ഇനം നം: 3117

വിഷയം : റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - പത്തനംതിട്ട ജില്ല - 2023 ജനുവരി മാസം മുതലുള്ള പ്രകൃതി ദുരന്തത്തിൽ പൂർണ്ണമായോ ഭാഗികമായോ വീടുകൾക്ക് നാശനഷ്ടം സംഭവിച്ച 473 പേർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, റവന്യൂ വകുപ്പ്.

3/17

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | റവ-ഡി.ആർ.എഫ്.-എ 5/ 19/ 2025-റവ. |
| 2 | വകുപ്പ് | : | റവന്യൂ (ഡിആർഎഫ്-എ) വകുപ്പ് |
| 3 | വിഷയം | : | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - പത്തനംതിട്ട ജില്ല- 2023 ജനുവരി മാസം മുതലുള്ള പ്രകൃതി ദുരന്തത്തിൽ പൂർണമായോ ഭാഗികമായോ വീടുകൾക്ക് നാശനഷ്ടം സംഭവിച്ച 473 പേർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ് നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നത്- സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 23.06.2025 |
| 5 | (i) ഇത് സാമ്പത്തിക ബാധ്യത ഉള്ളതാണോ<br>(ii)സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | :<br>: | അതെ<br>ഇല്ല |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി.ജയശ്രീ റ്റി.കെ. |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ.എം.ജി.രാജമാണിക്കം |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 04/07/2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ. ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 05/07/2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. കെ.രാജൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 07/07/2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 08/07/2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

പത്തനംതിട്ട ജില്ലയിൽ 2023 ജനുവരി മാസം മുതലുള്ള പ്രകൃതി ദുരന്തത്തിൽ പൂർണമായോ ഭാഗികമായോ വീട്ടുകൾക്ക് നാശനഷ്ടം സംഭവിച്ച 473 ദുരന്തബാധിതർക്ക് വിതരണം ചെയ്യുന്നതിനുള്ള ആകെ CMDRF വിഹിതമായ ₹95,32,500/-(തൊണ്ണൂറ്റിയഞ്ചുലക്ഷത്തി മുപ്പത്തി രണ്ടായിരത്തി അഞ്ഞൂറ് രൂപാ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) പ്രകൃതി ദുരന്തത്തിൽ വീട്ടുകൾക്ക് നാശനഷ്ടം സംഭവിച്ച കുടുംബങ്ങൾക്ക് SDRF ൽ നിന്നും CMDRF ൽ നിന്നും ധനസഹായം അനുവദിക്കുന്നതിനുള്ള സ്ളാബുകൾ അംഗീകരിച്ച് 09/1/2025 തീയതിയിലെ സ.ഉ(കൈ) 1/2025/DMD പ്രകാരം ഉത്തരവായിട്ടുണ്ട്. പത്തനംതിട്ട ജില്ലയിൽ 2023 ജനുവരി മുതലുള്ള മാസങ്ങളിൽ ഉണ്ടായ അതിശക്തമായ കാലവർഷത്തിൽ പൂർണമായോ ഭാഗികമായോ വീട്ടുകൾക്ക് നാശനഷ്ടം സംഭവിച്ചവർക്ക് ജില്ലാദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സൺ & ജില്ലാ കളക്ടർ പുറപ്പെടുവിച്ച നടപടിക്രമങ്ങൾ സഹിതം അനുവദിക്കേണ്ട ആകെ CMDRF വിഹിതമായ ₹95,32,500/- (തൊണ്ണൂറ്റിയഞ്ചുലക്ഷത്തി മുപ്പത്തി രണ്ടായിരത്തി അഞ്ഞൂറ് രൂപാ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പത്തനംതിട്ട ജില്ലാ കളക്ടർ 18/03/2025-ലെ DCPTA/1529/2025-F4 നമ്പർ കത്ത് പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

3) പത്തനംതിട്ട ജില്ലാ കളക്ടർ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിലെ 10 നടപടിക്രമങ്ങൾ പ്രകാരം 473 ദുരന്തബാധിതർക്ക് അനുവദിക്കേണ്ട CMDRF വിഹിതം സംബന്ധിച്ചുള്ള വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പട്ടിക ചുവടെ ചേർക്കുന്നു :

| Sl.No | Proceedings No.& Date | No.of Beneficiaries | CMDRF Allocation (₹) |
|---|---|---|---|
| 1 | DC/PTA/187/2023/D M dtd 13.02.25 | 5 | 8,00,000/- |
| 2 | DC/PTA/28/2024/DM dtd 11.02.2025 | 6 | 9,60,000/- |
| 3 | DC/PTA/32/2024/D M dtd 13.02.2025 | 136 | 18,45,000/- |
| 4 | DC/PTA/189/2023 /DM dtd 13.02.2025 | 2 | 7,000/- |
| 5 | DC/PTA/30/2024 /DM dtd 12.02.2025 | 103 | 3,60,500/- |
| 6 | DC/PTA/190/2023/ DM dtd 18.02.2025 | 153 | 21,70,000/- |
| 7 | DC/PTA/188/2023/DM dtd 13.02.2025 | 44 | 14,80,000/- |
| 8 | DC/PTA/29/2024/DM dtd 11.02.2025 | 16 | 5,30,000/- |
| 9 | DC/PTA/209/2023 /DM dtd 04.03.2025 | 2 | 60,000/- |
| 10 | DC/PTA/27/2024/DM dtd 11.02.2025 | 6 | 13,20,000/- |
| | Total | **473** | **95,32,500/-** |

4) പത്തനംതിട്ട ജില്ലയിൽ 2023 ജനുവരി മുതലുള്ള പ്രകൃതി ദുരന്തത്തിൽ പൂർണമായോ /ഭാഗികമായോ വീട്ടുകൾക്ക് നാശനഷ്ടം സംഭവിച്ച 473 പേർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായമായി (CMDRF വിഹിതം)ആകെ ₹95,32,500/-(തൊണ്ണൂറ്റിയഞ്ചു ലക്ഷത്തി മുപ്പത്തി രണ്ടായിരത്തി അഞ്ഞൂറ് രൂപാ മാത്രം) അനുവദിക്കുന്നതിനായി ഫയൽ സമർപ്പിച്ചപ്പോൾ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട് .

**<u>തീരുമാനിക്കേണ്ട വിഷയം</u>**

പത്തനംതിട്ട ജില്ലയിൽ 2023 ജനുവരി മുതലുള്ള പ്രകൃതി ദുരന്തത്തിൽ പൂർണമായോ/ഭാഗികമായോ വീട്ടുകൾക്ക് നാശനഷ്ടം സംഭവിച്ച 473 ദുരന്തബാധിതർക്ക് വിതരണം ചെയ്യുന്നതിനുള്ള ആകെ CMDRF വിഹിതമായ ₹95,32,500/-(തൊണ്ണൂറ്റിയഞ്ചു ലക്ഷത്തി മുപ്പത്തി രണ്ടായിരത്തി അഞ്ഞൂറ് രൂപാ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും പത്തനംതിട്ട ജില്ലാകളക്ടർക്ക് അനുവദിക്കാവുന്നതാണോ ?